നം. 68/ഇഎ2/2019/ഡി.എച്ച്

ഹോമിയോപ്പതി ഡയറക്ടറേറ്റ്
തിരുവനന്തപുരം - 695 023
തീയതി 19-02-2019

## സർക്കുലർ

വിഷയം : ഹോമിയോപ്പതി വകുപ്പ് - 2019 വർഷത്തെ പൊതുസ്ഥലംമാറ്റം- അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതികൾ പുതുക്കി നിശ്ചയിച്ചത്- സംബന്ധിച്ച്

സൂചന : (1) സ.ഉ.(പി) നം.3/2017/ഉ.പ.ഭ.വ, തീയതി 25-02-2017
(2) സ.ഉ.(സാധാ) നം.44/2019/ആയുഷ്, തീയതി 29-01-2019
(3) സർക്കുലർ നം. 68/ഇഎ2/2019/ഡി.എച്ച്.തീയതി 05-02-2019

ഹോമിയോപ്പതി വകുപ്പിലെ 2019 ലെ ഓൺലൈൻ സംവിധാനത്തിലൂടെയുള്ള പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സൂചന (3) സർക്കുലർ പ്രകാരം ക്ഷണിച്ചിരുന്നു. എന്നാൽ സ്പാർക്ക് സംവിധാനത്തിലെ സാങ്കേതിക തകരാർ മൂലം പൊതുസ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്നത് താൽകാലികമായി നിർത്തിവച്ചിരുന്നു. സ്പാർക്ക് സംവിധാനത്തിലെ സാങ്കേതിക തകരാർ പരിഹരിച്ച സാഹചര്യത്തിൽ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി ചുവടെ പറയുന്ന തീയതികളിൽ പുനഃ ക്രമീകരിച്ചിരിക്കുന്നു.

**2019 വർഷത്തെ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച പുതുക്കിയ സമയപരിധി ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| (i) | ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കാവുന്നത് | **20-02-2019 മുതൽ 22-02-2019 വരെ** |
| (ii) | അതത് സ്ഥാപനമേധാവി ജില്ലാ അധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടത് | **23-02-2019 മുതൽ 24-02-2019 വരെ** |
| (iii) | ജില്ലാ അധികാരി (ജില്ലാ മെഡിക്കൽ ഓഫീസർ) സംസ്ഥാന തല അധികാരിയായ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടത് | **25-02-2019 മുതൽ 26-02-2019 വരെ** |
| (iv) | സംസ്ഥാന തല അധികാരി (ഹോമിയോപ്പതി ഡയറക്ടർ) അപേക്ഷ അംഗീകരിക്കുന്നത്/നിരസിക്കുന്നത്. | **27-02-2019** |
| (v) | കരട് സ്ഥലംമാറ്റപട്ടിക പ്രസിദ്ധീകരിക്കുന്നത് | **28-02-2019** |

**ഡോ. കെ. ജമുന**
**ഡയറക്ടർ**

**പകർപ്പ്**

1. ഹോമിയോപ്പതി വകുപ്പിന്റെ കീഴിലെ എല്ലാ ഓഫീസ് മേധാവികൾക്കും
2. ഡെപ്യൂട്ടി ഡയറക്ടർ, എ.ഒ, എ.എ, സീനിയർസൂപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ്/ജനറൽ) ജൂനിയർ സൂപ്രണ്ട്(പ്ലാനിംഗ്/അക്കൗണ്ട്സ് ), ഹെഡ്ക്ലാർക്ക് (ഇ.ബി.)
3. നോട്ടീസ് ബോർഡ്, വെബ്സൈറ്റ്
4. ഫയൽ/കരുതൽ ഫയൽ/റെക്കോർഡ്സ് വിഭാഗം